കടബാധ്യത

6 (960)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള കടബാധ്യത എത്രയാണ്; സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന കടബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വിദേശകടം എത്രരൂപയുണ്ടെന്നും അന്യസംസ്ഥാനങ്ങളിൽനിന്നും ഇന്ത്യാ ഗവൺമെന്റിൽനിന്നും അവയുടെ ഏജൻസികളിൽനിന്നും കടംവാങ്ങിയിട്ടുള്ളത് എത്രയെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ കട ബാധ്യത കുറച്ചുകൊണ്ടുവരാനുള്ള പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള കടബാധ്യത (31.3.1999 വരെ) 15700.28 കോടി രൂപയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 10,113.54 കോടി രൂപ കടബാധ്യത ഉണ്ടായിരുന്നു. (31.3.96)

(ബി) വിദേശകടമിനത്തിൽ സംസ്ഥാന സർക്കാരിന് നേരിട്ട് തുക ലഭിക്കാറില്ല. ഇന്ത്യാ ഗവൺമെന്റിൽനിന്നും കടം വാങ്ങിയിട്ടുള്ളത് 5648.14 കോടി രൂപയാണ്.

കേന്ദ്രസ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങിയത്.

1 ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനിൽ നിന്നും - 417.64 കോടി രൂപ

2. ജനറൽ ഇൻഷുറൻസ് - 116.12 കോടി രൂപ

3. നാഷണൽ അഗ്രികൾച്ചറൽ ബാങ്ക് - 167.04 കോടി രൂപ

4. നാഷണൽ കോർപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ - 179.09 കോടിരൂപ

(സി) കടബാധ്യത കുറച്ചുകൊണ്ടുവരാനായി റവന്യു വരവ് വർദ്ധിപ്പിക്കാനും ചെലവിനങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക, നികുതിയിതര വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെലവ് നിയന്ത്രിക്കുന്നതിനുവേണ്ടി കൂടുതൽ വ്യയ നിയന്ത്രണ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷ്യ സബ്സിഡിക്കായി നീക്കിവച്ച തുക

7 (961)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ബാബു ദിവാകരൻ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ സബ്സിഡിക്കും മാർക്കറ്റിലിടപെടലിനും ആവശ്യമായ തുക ധനകാര്യവകുപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഓരോ വർഷങ്ങളിലും സബ്സിഡിയിനത്തിലും കമ്പോള ഇടപെടലിനും ആയി എന്തു തുക വീതമാണ് നീക്കിവച്ചിട്ടുള്ളത്;

(സി) ഭക്ഷ്യ വകുപ്പ് ആവശ്യപ്പെട്ട അത്രയും പണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) കേന്ദ്ര സർക്കാർ റേഷൻ സബ്സിഡി വെട്ടിക്കുറച്ചാലും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ അനുവദിക്കില്ല എന്ന സർക്കാരിന്റെ നയം നടപ്പിലാക്കാൻവേണ്ടി 2000-2001-ൽ നീക്കിവച്ചിരിക്കുന്ന തുക എത്രയാണ്;

(ഇ) ഈ തുകകൊണ്ട് റേഷൻ അരി കഴിഞ്ഞവർഷം നൽകിയ വിലയ്ക്കുതന്നെ നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക ചുവടെ വിവരിക്കുന്നു.

വർഷം	സബ്സിഡി (രൂപ കോടി)	കമ്പോള ഇടപെടൽ (രൂപ കോടി)
1996-97	73.00	ഇല്ല
1997-98	124.21	50.00
1998-99	111.00	50.00
1999-2000	111.00	60.00
2000-2001	111.00	50.00
ആകെ	530.21	210.00

(സി) ഉണ്ട്.

(ഡി) 111 കോടി രൂപ ബജറ്റിലും കൂടാതെ ബജറ്റ് പ്രസംഗത്തിൽ 39 കോടി രൂപ അധികമായി നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) റേഷൻ അരി കഴിഞ്ഞ വർഷം നൽകിയ വിലക്കുതന്നെ നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

സർക്കാർ നൽകാനുള്ള കുടിശ്ശികകൾ

8 (962) ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ, കരാറുപണി കുടിശ്ശിക, തൊഴിലില്ലായ്മ വേതനം, ജീവനക്കാർക്കുള്ള ക്ഷാമബത്ത എന്നീ ഇനങ്ങളിൽ മേയ് 31 വരെ എന്തു കുടിശ്ശിക ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly